**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **23-08-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിലേക്ക് അയക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീർപ്പുകല്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എല്ലാ പരാതികളിലും സമയബന്ധിതമായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പരാതികളിന്മേൽ തീർപ്പുകല്പിച്ചുകൊണ്ടുള്ള തീരുമാനം അപേക്ഷകരെ അറിയിക്കാറുണ്ടോ; പലപ്പോഴും അപേക്ഷകർക്ക് വിവരം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുമ്പോൾ പരാതി നൽകിയ വ്യക്തിക്ക് വ്യക്തമായ മറുപടി നൽകണമെന്ന നിർദ്ദേശം നിലവിലുണ്ട്. വിലാസം ലഭ്യമായിട്ടുള്ള എല്ലാ പരാതികൾക്കും തീർപ്പാക്കുന്ന അവസരത്തിൽ നിർബന്ധമായും മറുപടി നൽകുന്ന തരത്തിലാണ് സോഫ്റ്റ് വെയറിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനമായ സി.എം.ഒ പോർട്ടൽ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. 2016 ജൂൺ മാസം മുതൽ പ്രവർത്തിച്ചു വരുന്ന സി.എം.ഒ പോർട്ടലിലൂടെ 4,50,693 പരാതികൾ ഇതുവരെ കൈകാര്യം ചെയ്തിട്ടുണ്ട്. ലഭിച്ച പരാതികളിൽ 96% പരാതികളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ